# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :1272.

01.07
~~11.06~~.2015 -ൽ മറുപടിയ്ക്ക്

### ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ അംഗങ്ങളുടെ നിയമനം

ചോദ്യം
ശ്രീ. കെ. കെ. നാരായണൻ.

ഉത്തരം
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ എത്ര അംഗങ്ങളെ നിയമിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി 25 അംഗങ്ങൾ നിയമിതരായിട്ടുണ്ട്. |
| (ബി) | അംഗങ്ങളെ നിയമിക്കുന്നതിന് എന്ത് മാനദണ്ഡമാണ് പരിഗണിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | i) കമ്മീഷനിലും, ഫോറങ്ങളിലും ഒരു അംഗം വനിതയായിരിക്കണം.<br>ii) 35 വയസ്സ് പൂർത്തിയായിരിക്കണം.<br>iii) അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബിരുദം.<br>iv) സാമൂഹിക, സാമ്പത്തിക, നിയമ, വ്യാവസായിക വിഷയങ്ങളിൽ 10 വർഷത്തിൽ കുറയാതെയുള്ള ഇടപെടലും, പ്രവർത്തന പരിചയവും. |
| (സി) | അംഗങ്ങളെ നിയമിച്ചതിൽ അഴിമതി നടന്നതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല. അടിസ്ഥാനരഹിതമായ വാർത്തകളായിരുന്നു അവ. മാനദണ്ഡങ്ങൾ പാലിച്ചുമാത്രമാണ് എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളത്. |
| (ഡി) | ഉണ്ട് എങ്കിൽ ഇതിന്മേൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.